ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്
mhdpkd@gmail.com

# അഭൗതിക ജ്ഞാനം അല്ലാഹുവിന് മാത്രം

حَدَّثَنَا خَالِدُ بْنُ ذَكْوَانَ، قَالَ: قَالَتِ الرُّبَيِّعُ بِنْتُ مُعَوِّذِ ابْنِ عَفْرَاءَ، دَخَلَ عَلَيَّ النَّبِيُّ صلَّى اللهُ عليه وسلَّمَ غَداةَ بُنِيَ عَلَيَّ، فَجَلَسَ على فِراشِي كَمَجْلِسِكَ مِنِّي، وجُوَيْرِياتٌ يَضْرِبْنَ بالدُّفِّ، يَنْدُبْنَ مَن قُتِلَ مِن آبائِهِنَّ يومَ بَدْرٍ، حتَّى قالَتْ جارِيَةٌ: وفينا نَبِيٌّ يَعْلَمُ ما في غَدٍ. فقالَ النَّبِيُّ صلَّى اللهُ عليه وسلَّمَ: "لا تَقُولِي هَكَذا، وقُولِي ما كُنْتِ تَقُولِينَ." ( البخاري )

**ഖാലിദുബ്നു ദക്വാനിൽ നിന്ന്. അദ്ദേഹം റിപ്പോർട്ട് ചെയ്യുന്നു. മുഅവ്വിദിന്റെ മകൾ റുബയ്യിഅ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'എന്നെ ഭർത്താവിന്റെ വീട്ടിലേക്ക് കൊണ്ടു വന്ന ദിവസം രാവിലെ എന്റെയടുക്കൽ നബി (സ) വന്നു. താങ്കളിരിക്കുന്നതു പോലെ എന്റെ വിരിപ്പിൽ ഇരുന്നു. അപ്പോൾ ബാലികമാർ ദഫ് മുട്ടി ബദ്റിൽ കൊല്ലപ്പെട്ട തങ്ങളുടെ പിതാക്കളെ വാഴ്ത്തി വിലാപകാവ്യം ആലപിക്കുന്നുണ്ടായിരുന്നു. അതിലൊരു പെൺകുട്ടി ഇപ്രകാരം പാടി: ഞങ്ങളിലുണ്ടല്ലോ നാളത്തെ കാര്യങ്ങൾ അറിയുന്ന പ്രവാചകൻ. അപ്പോൾ നബി (സ) അവളോട് പറഞ്ഞു: 'ഇപ്രകാരം പറയരുത്. നേരത്തെ പറഞ്ഞത് പറയുക.' (ബുഖാരി)**

വിവാഹ ദിനങ്ങളിൽ ദഫ്മുട്ടിയും മറ്റും സന്തോഷം പ്രകടിപ്പിക്കാൻ നബി(സ) അനുവാദം നൽകിയിരുന്നു. ഇത്തരത്തിലുള്ള ചില ചടങ്ങുകളിൽ പ്രവാചകനും പങ്കെടുക്കാറുണ്ടായിരുന്നു. അന്നേരം ആഘോഷങ്ങളിൽ അനുവദനീയവും അല്ലാത്തതുമായ കാര്യങ്ങൾ റസൂൽ അനുയായികളെ പഠിപ്പിക്കും. ഈ ഹദീസിൽ റുബയ്യിഅ് (റ) എന്ന സ്വഹാബി വനിത പറയുന്നു. വിവാഹ ദിനം രാവിലെ നബി (സ) അവരുടെ വീട്ടിൽ ചെന്നു. അപ്പോൾ ഹദീസ് നിവേദകൻ ഇരുന്നിരുന്നത് പോലെ വിരിപ്പിൽ പ്രവാചകനും ഇരുന്നു (അൽപം മാറിയിരുന്നു എന്നാണുദ്ദേശ്യം. കാരണം, ഈ ഹദീസ് ഉദ്ധരിക്കുന്ന ഖാലിദുബ്നു ദക്വാൻ അവരുടെ മഹ്റം -വിവാഹം നിഷിദ്ധമായവൻ- ആയിരുന്നില്ല) ആ സമയത്താണ് ചില ബാലികമാർ ദഫ് മുട്ടി ബദ്റിൽ കൊല്ലപ്പെട്ടവരുടെ വീര കൃത്യങ്ങൾ എണ്ണിപ്പറഞ്ഞ് പാട്ട് പാടിയത്. കൂട്ടത്തിൽ ഒരു പെൺകുട്ടി, നാളത്തെ കാര്യങ്ങൾ അറിയുന്ന പ്രവാചകൻ എന്ന് പ്രവാചകനെ പുകഴ്ത്തി. റസൂൽ ഉടനെ പാട്ട് നിർത്താൻ ആവശ്യപ്പെട്ടു. അദൃശ്യങ്ങളുടെ താക്കോൽ അല്ലാഹുവിന്റെ അടുക്കൽ മാത്രമാണെന്ന് ഉണർത്തി. ഇതൊഴികെയുള്ള നേരത്തെ പാടിയ മറ്റുള്ള വരികൾ ചൊല്ലാൻ അനുവദിക്കുകയും ചെയ്തു.

അനുവദനീയ രീതിയിൽ താളമേളങ്ങളും കവിതാലാപനവും പാട്ടുപാടലുമൊക്കെ വിവാഹ സുദിനത്തിലാവാമെന്നതിന് ഈ ഹദീസ് തെളിവാണ്. പണ്ഡിതൻമാർക്കും നേതാക്കൾക്കും ഇത്തരം ആഘോഷങ്ങളിൽ പങ്കെടുക്കാമെന്നതിനും ഇതിൽ തെളിവുണ്ട്. അദൃശ്യമറിയുന്നവൻ അല്ലാഹു മാത്രമാണ് എന്ന സന്ദേശമാണ് ഈ ഹദീസിന്റെ കാതൽ. നബിയാണെങ്കിൽ തന്നെയും അല്ലാഹു അറിയിച്ചാലല്ലാതെ അതിഭൗതിക കാര്യങ്ങൾ അവർക്ക് അറിയാൻ കഴിയില്ല. തനിക്ക് അദൃശ്യങ്ങൾ അറിയാമെന്ന് സ്വയം വാദിക്കുന്നവരെ വിശ്വാസികൾ തള്ളിക്കളയണം. വിശുദ്ധ ഖുർആൻ ഇക്കാര്യം പലയിടങ്ങളിലും വ്യക്തമാക്കിയിട്ടുള്ളതാണ്.

'പറയുക: അല്ലാഹുവിനല്ലാതെ ആകാശഭൂമികളിലാർക്കും തന്നെ അഭൗതിക കാര്യങ്ങളറിയുകയില്ല. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുകയെന്നും അവർക്കറിയില്ല' (27:65). നബി(സ) യോട് ഇപ്രകാരം വിളംബരം ചെയ്യാൻ അല്ലാഹു നിർദേശിക്കുന്നു: 'പറയുക: എന്റെ വശം അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് അവകാശപ്പെടുന്നില്ല. അഭൗതിക കാര്യങ്ങൾ ഞാൻ അറിയുന്നുമില്ല. ഞാനൊരു മലക്കാണെന്നും നിങ്ങളോടു പറയുന്നില്ല. എനിക്ക് അല്ലാഹുവിൽ നിന്ന് വഹ്യായി ലഭിക്കുന്നവയല്ലാതൊന്നും ഞാൻ പിൻപറ്റുന്നില്ല' (6:50).

ഭാവി വർത്തമാനങ്ങളും അഭൗതിക കാര്യങ്ങളും തങ്ങൾക്കറിയാമെന്ന കള്ളം പ്രചരിപ്പിച്ചുകൊണ്ടായിരുന്നു എല്ലാ കാലത്തെയും പുരോഹിതപ്പരിഷകളും ഭാവി പ്രവചനക്കാരും ജനങ്ങളെ ചതിച്ചിരുന്നത്. യഥാർഥത്തിൽ മറ്റുള്ളവരുടേത് പോയിട്ട് സ്വന്തം ഭാവി പോലും അറിയാത്തവരാണവർ.

ജനങ്ങളുടെ പണം പിടുങ്ങുന്ന ഇത്തരക്കാരെയും അവരെ പ്രോത്സാഹിപ്പിക്കുന്നവരെയും അല്ലാഹുവിന്റെ റസൂൽ (സ) കർശനമായി ശാസിച്ചു.

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസ് ഇങ്ങനെ: ആഇശ (റ) പറഞ്ഞു: 'നാളെ എന്ത് നടക്കുന്നു എന്നത് അല്ലാഹുവിന്റെ റസൂലിന് അറിയാമെന്ന് ആരെങ്കിലും വാദിച്ചാൽ അവൻ അല്ലാഹുവിന്റെ പേരിൽ മഹാ അപരാധമാണ് ആരോപിക്കുന്നത്.' അല്ലാഹു പറയുന്നു: 'പറയുക: അല്ലാഹുവിനല്ലാതെ ആകാശഭൂമികളിലാർക്കും തന്നെ അഭൗതിക കാര്യങ്ങളറിയുകയില്ല.'

ഭാവി പ്രവചനക്കാരെ മാത്രമല്ല അവരുടെയടുക്കൽ പോയി ഭാവി കാര്യങ്ങൾ അന്വേഷിച്ച് അവർ പറഞ്ഞത് സത്യമാണെന്ന് സമ്മതിക്കുന്നവരെയും റസൂൽ (സ) ശാസിച്ചു: 'ആരെങ്കിലും ജ്യോൽസ്യനെയോ ഭാവി പ്രവചനക്കാരനെയോ സമീപിച്ച് അവർ പറയുന്നത് സത്യമാണെന്നംഗീകരിച്ചാൽ, അവൻ മുഹമ്മദിന് അവതരിപ്പിച്ചതിനെ നിഷേധിച്ചിരിക്കുന്നു' (അഹ്മദ്).

മറ്റൊരിക്കൽ തിരുദൂതർ അരുളി: 'ആരെങ്കിലും ഭാവി പ്രവചിക്കുന്നവന്റെയടുത്ത് പോയി എന്തെങ്കിലും ചോദിക്കുകയും അവൻ പറഞ്ഞത് സത്യമാണെന്നംഗീകരിക്കുകയും ചെയ്താൽ അവന്റെ നാൽപത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല' (മുസ്‌ലിം).

മാനവരിൽ ഏറ്റവും മഹാനായ മുഹമ്മദ് നബി (സ)ക്ക് പോലും ഭാവി കാര്യങ്ങൾ അറിഞ്ഞിരുന്നില്ലെന്നതിന് വ്യക്തമായ തെളിവുകൾ പ്രവാചക ചരിത്രത്തിൽ കാണാൻ സാധിക്കും. റസൂൽ (സ) പറഞ്ഞു: 'ചിലയാളുകൾ എന്റെ തടാകത്തിൽ നിന്ന് തള്ളപ്പെടും. ഞാൻ പറയും: 'എന്റെ റബ്ബേ.. അവരെന്റെ ഉമ്മത്താണ്.' അന്നേരം പറയപ്പെടും: 'താങ്കൾക്ക് ശേഷം അവരെന്തെല്ലാമാണ് ചെയ്തിട്ടുള്ളതെന്ന് താങ്കൾക്കറിയില്ല.' ആ സമയം ഞാൻ ഈസാ നബി (അ) പറഞ്ഞതു പോലെ പറയും: 'നീ എന്നോട് കൽപിച്ചതല്ലാത്തതൊന്നും ഞാനവരോടു പറഞ്ഞിട്ടില്ല. അഥവാ, 'എന്റെ നാഥനും നിങ്ങളുടെ നാഥനുമായ അല്ലാഹുവെ മാത്രം വഴിപ്പെട്ട് ജീവിക്കണ'മെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ അവരിലുണ്ടായിരുന്ന കാലത്തോളം അവരുടെ എല്ലാ കാര്യങ്ങൾക്കും സാക്ഷിയായിരുന്നു. പിന്നെ നീ എന്നെ തിരിച്ചുവിളിച്ചപ്പോൾ അവരുടെ നിരീക്ഷകൻ നീ തന്നെ ആയിരുന്നുവല്ലോ. നീ സകല സംഗതികൾക്കും സാക്ഷിയാകുന്നു' (ബുഖാരി).

ഒരിക്കൽ റസൂലി(സ)ന്റെ ഒട്ടകം വഴിതെറ്റിയപ്പോൾ കപടൻമാർ പറഞ്ഞു: 'അദ്ദേഹം നബിയാണെങ്കിൽ ഒട്ടകം എവിടെയാണെന്ന് അറിയുമല്ലോ?' ഇതറിഞ്ഞ പ്രവാചകൻ പറഞ്ഞു: 'എന്റെ റബ്ബ് എന്നെ അറിയിച്ചതല്ലാതെ എനിക്കൊന്നും അറിയില്ല' (*സാദുൽ മആദ്*). അല്ലാഹു പ്രവാചകനോട് ഇപ്രകാരം പ്രസ്താവിക്കാൻ ആജ്ഞാപിക്കുന്നു: 'ഞാൻ അതിഭൗതിക ജ്ഞാനമുള്ളവനായിരുന്നെങ്കിൽ ധാരാളം ഐശ്വര്യം എനിക്കുവേണ്ടി നേടുമായിരുന്നു. എനിക്കൊരിക്കലും ദോഷമേൽക്കുകയുമില്ല' (7:188).

ഖുർആൻ മനഃപാഠമാക്കിയ എഴുപതോളം സ്വഹാബികളെ ശത്രുക്കൾ ചതിയിൽ കൊലപ്പെടുത്തിയത് റസൂലിന് അതിഭൗതിക ജ്ഞാനമില്ലെന്നതിനുള്ള പ്രത്യക്ഷമായ സാക്ഷ്യമാണ്. നബിയെ അത്യധികം ദുഃഖത്തിലാഴ്ത്തി ഈ ദാരുണ സംഭവം. ഇങ്ങനെ ഒരു കൂട്ടക്കൊല നടക്കുമെന്ന് അറിഞ്ഞിരുന്നെങ്കിൽ, ഖുർആനും സുന്നത്തും പഠിപ്പിച്ച് തരാൻ കുറച്ചുപേരെ തങ്ങളുടെ കൂടെ അയച്ചു തരണം എന്ന വ്യാജേന എത്തിയ കൊലയാളികളുടെ കൂടെ തന്റെ അനുചരൻമാരെ റസൂൽ അയക്കുമായിരുന്നില്ലല്ലോ. ●

9497662911